"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ചവറ ബ്ലോക്ക് പഞ്ചായത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയതും ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപെടാത്തതുമായ 'മൊബൈൽ വെറ്റിനറി ക്ലിനിക്ക് - ഗോരക്ഷാ ക്യാമ്പ്' (S0024/13, S0015/14) പദ്ധതിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ)വകുപ്പ്**

സ.ഉ.(സാധാ) നം.700/2025/LSGD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.10.2024 ലെ LSGD/PD/31918/2024-AM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചവറ ബ്ലോക്ക് പഞ്ചായത്തിൽ, 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയ 'മൊബൈൽ വെറ്റിനറി ക്ലിനിക്ക് - ഗോരക്ഷാ ക്യാമ്പ്' (S0024/13, S0015/14) എന്ന പദ്ധതി, കേരള പഞ്ചായത്ത് രാജ് ആക്ട് 172-ആം വകുപ്പ് 1-ആം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ പെടാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 7,24,725/- രൂപ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണെന്ന് ഓഡിറ്റ് വകുപ്പ് പുനരഭിപ്രായകുറിപ്പ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, സാധൂകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ കത്ത് ലഭ്യമാക്കുകയുണ്ടായി.

2.ക്ഷീര സംഘങ്ങൾ വഴി കന്നുകാലികളുടെ ഉൽപാദന വർദ്ധനവ്, പ്രാഥമിക ചികിത്സയ്ക്കും പൊതുവായ ആരോഗ്യം നിലനിർത്തുന്നതിനും ആവശ്യമായ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുക, ഈ മേഖലയിലെ നൂതന സമ്പ്രദായങ്ങളെ കുറിച്ച് കർഷകർക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നിവയായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ചവറ ബ്ലോക്ക് പഞ്ചായത്തിൽ വർഷങ്ങളായി നടപ്പിലാക്കി വന്നിരുന്ന ഒരു പദ്ധതിയാണ് ഗോ രക്ഷ ക്യാമ്പ്. ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതികളോ ഫണ്ടോ നിലവില്ലാതിരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെ ആവശ്യപ്രകാരവും, ബ്ലോക്ക് പഞ്ചായത്തിൽ വെറ്റിനറി സർജന്റെ സേവനം ലഭ്യമായിരുന്നതിനാലുമാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നത് എന്നും ഗ്രാമസഭകളെല്ലാം തന്നെ ഈ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം നിരന്തരമായി ഉന്നയിച്ചിരുന്നു എന്നും ഈ പ്രോജക്ടിന്റെ ആവശ്യകതയും സ്വീകാര്യതയും മനസിലാക്കിയിട്ട് നിലവിൽ പല ബ്ലോക്ക് പഞ്ചായത്തുകളും നൂതന പദ്ധതി എന്ന നിലയിൽ ഈ

പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട് എന്നും DPC അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയ ഈ പദ്ധതിയുടെ നടത്തിപ്പിൽ മരുന്നുകളുടെ ടെൻഡറിംഗ്, പർച്ചേസ്, വിതരണം എന്നിവയിലൊന്നും യാതൊരുവിധ ക്രമക്കേടുകളും ഉണ്ടായിട്ടില്ല എന്നും ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കിയതുകൊണ്ട് യഥാർത്ഥ കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് ഉറപ്പാക്കാൻ കഴിയുന്നതാണ് എന്നും ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകളൊന്നും ഉണ്ടായിട്ടില്ല എന്നും അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി സാധൂകരണം നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. DPC അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണെന്നതിനാലും പദ്ധതി നടത്തിപ്പിൽ യാതൊരുവിധ സാമ്പത്തിക ക്രമക്കേടുകളും ഉണ്ടായിട്ടില്ല എന്ന് വിശദീകരിച്ചിരിക്കുന്നതിനാലും, ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കിയതുകൊണ്ട് യഥാർത്ഥ കർഷകർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്നതിനാലും, ക്ഷീര കർഷകരുടെ ആവശ്യകതയും സ്വീകാര്യതയും മനസ്സിലാക്കി നിലവിൽ പല ബ്ലോക്ക് പഞ്ചായത്തുകളും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട് എന്നത് പരിഗണിച്ചും, ചവറ ബ്ലോക്ക് പഞ്ചായത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2012-13, 2013-14 വർഷങ്ങളിൽ നടപ്പിലാക്കിയതും ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപെടാത്തതുമായ 'മൊബൈൽ വെറ്റിനറി ക്ലിനിക്ക് - ഗോരക്ഷാ ക്യാമ്പ്" (S0024/13, S0015/14) പദ്ധതി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചവറ ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reji R S
Date: 15-03-2025 16:51:38
സെക്ഷൻ ഓഫീസർ